**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കളമശ്ശേരി നഗരസഭ-കങ്ങരപ്പടി ടൗൺഹാൾ നവീകരണം - കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 54,36,000/-(അമ്പത്തിനാല് ലക്ഷത്തി മുപ്പത്തിയാറായിരം) രൂപ വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം. 963/13/തസ്വഭവ തിരുവനന്തപുരം, തീയതി: 09/04/2013.

==================================================================

പരാമർശം:-1) 29.07.2009-ലെ സ.ഉ (എം.എസ്)നം.147/2009/തസ്വഭവ ഉത്തരവ്.

2) കളമശ്ശേരി നഗരസഭയുടെ 29.09.2012-ലെ 1 -)o നമ്പർ കൗൺസിൽ തീരുമാനം.

3)കളമശ്ശേരി നഗരസഭയുടെ 29.01.2013-ലെ 18-)o നമ്പർ കൗൺസിൽ തീരുമാനവും 08.03.2013-ലെ 6-)o നമ്പർ കൗൺസിൽ തീരുമാനവും.

4) കളമശ്ശേരി നഗരസഭാ സെക്രട്ടറിയുടെ 12.03.2013-ലെ എ/1805/13 നമ്പർ കത്ത്.

5) കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 05.03.2013-ലെ കെ.യു.ആർ.ഡി.എഫ്.സി /യു.എൽ.ബി/362/2013 നമ്പർ കത്ത്.

6) നഗരകാര്യ ഡയറക്ടറുടെ 13.03.2013-ലെ ഡി.സി.3-3757/13 നമ്പർ കത്ത്.

## ഉത്തരവ്

കളമശ്ശേരി നഗരസഭയുടെ ഉടമസ്ഥതയിലുള്ള കങ്ങരപ്പടി ടൗൺഹാൾ നവീകരണത്തിനായി 54,36,000/- (അമ്പത്തി നാല് ലക്ഷത്തി മുപ്പത്തിയാറായിരം) രൂപ കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും വായ്പ എടുക്കുന്നതിന് അനുമതി നൽകണമെന്ന് മേൽ പരാമർശം (4) പ്രകാരം നഗരസഭാ സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിരുന്നു. ആയത് പരാമർശം (6) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കളമശ്ശേരി നഗരസഭയുടെ കങ്ങരപ്പടി ടൗൺഹാൾ നവീകരണത്തിനായി തൃക്കാക്കര നോർത്ത് വില്ലേജിൽ ബ്ലോക്ക് നമ്പർ 5-ൽ റീസർവ്വെ നമ്പർ 828/3, 828/5-ൽ ഉൾപ്പെട്ടതായ 52

(. . . . .2)

സെന്റ് സ്ഥലം ജാമ്യമായി നൽകിക്കൊണ്ട്, പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 12% പലിശ നിരക്കിൽ 54,36,000/- (അമ്പത്തിനാല് ലക്ഷത്തി മുപ്പത്തിയാറായിരം) രൂപ വായ്പ എടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം കളമശ്ശേരി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സി. വൽസല**
ഗവ. ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചെയർമാൻ/സെക്രട്ടറി, കളമശ്ശേരി നഗരസഭ.
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി., തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എൽ.ബി.എ &എ) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ